20-02-2022

SUNDAY ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor : George Sebastian

Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-20/02/2022

1. ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം 2021-2022 ൽ ഡിജിറ്റൽ വീഡിയോ മത്സരത്തിന് (ടി.വി.ചാനൽ വിഭാഗം) എൻട്രികൾ ക്ഷണിക്കുന്നു. പ്രൊഫഷണൽ വിഭാഗത്തിൽ കേരളത്തിലെ അംഗീകൃത ടി.വി.ചാനലുകളിൽ, 2020 - 2021 ൽ ജൈവകൃഷി എന്ന ആശയം ഉൾക്കൊണ്ട് സംപ്രേഷണം ചെയ്ത വീഡിയോയുടെ സംവിധായകരാണ് ഇതിനായി അപേക്ഷിക്കേണ്ടത്. സംപ്രേക്ഷണം ചെയ്ത ചാനലിന്റെ ലോഗോയും, വാട്ടർമാർക്കും, വീഡിയോയിൽ ഉണ്ടായിരിക്കണം, പ്രസ്തുത വീഡിയോ, സംപ്രേഷണം ചെയ്ത ദിവസവും ചാനലിൽ സംപ്രേഷണം ചെയ്തു എന്ന് ചാനൽ മേധാവിയുടെ സർട്ടിഫിക്കറ്റും ഹാജരാക്കണം. കേരളത്തിനുള്ളിലുള്ള ലൊക്കേഷൻ ആയിരിക്കണം. ഒന്നാം സമ്മാനം 25,000/- രൂപയും, രണ്ടാം സമ്മാനം 20,000/- രൂപയും, മൂന്നാം സമ്മാനം 15,000/- രൂപയുമാണ്. **എൻട്രികൾ ലഭിക്കേണ്ട അവസാന തീയതി ഫെബ്രുവരി 26 വരെ** നീട്ടിയിരിക്കുന്നു. എൻട്രികൾ **എഡിറ്റർ, കേരളകർഷകൻ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ, തിരുവനന്തപുരം - 695003** എന്ന വിലാസത്തിൽ ഹാർഡ് ഡിസ്ക്, പെൻഡ്രൈവ് വഴി നേരിട്ടോ അല്ലെങ്കിൽ fibshortfilmcontest@gmail.com എന്ന ഇ-മെയിലിലോ അയയ്ക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471 – 2314358, 9383470289** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

2. സംസ്ഥാന സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി കൃഷിവകുപ്പ് സംസ്ഥാനത്തെ മുഴുവൻ കുടുംബങ്ങളെയും ഉൾപ്പെടുത്തി ജനകീയ ക്യാമ്പയിൻ നടപ്പിലാക്കുന്നു. **'ഞങ്ങളും കൃഷിയിലേക്ക്'** എന്ന പേരിൽ നടപ്പാക്കുന്ന ഈ ജനകീയ ക്യാമ്പയിനു വേണ്ടി ലോഗോ തെരഞ്ഞെടുക്കുന്നതിനായി വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും എൻട്രികൾ ക്ഷണിക്കുന്നു. പി എൻ ജി (.png) ഫോർമാറ്റിൽ തയ്യാറാക്കിയ ലോഗോ ഈ മാസം 25-ന് (25 /02 /2022 ന്) മൂന്ന് മണിക്ക് മുൻപായി ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ fiblogo@gmail.com എന്ന ഇ മെയിൽ വിലാസത്തിൽ അയച്ചുതരേണ്ടതാണ്. പൂർണ്ണ മേൽവിലാസവും ഫോൺ നമ്പരും മെയിലിൽ രേഖപ്പെടുത്തിയിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് **0471-2318186** എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്. തെരഞ്ഞെടുക്കുന്ന ലോഗോയ്ക്ക് ആകർഷകമായ സമ്മാനം നൽകുന്നതാണ്.

3. റബ്ബർബോർഡിന്റെ കീഴിലുള്ള ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം ഡി.എൻ.എ. സീക്വൻസിങ് സേവനം ലഭ്യമാക്കുന്നു. ഗവേഷകർ, വിദ്യാർത്ഥികൾ, സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ളവർ എന്നിവർക്കെല്ലാം ഈ സൗകര്യം പ്രയോജനപ്പെടുത്താവുന്നതാണ്. ഡി.എൻ.എ. സീക്വൻസിങ് ആവശ്യമുള്ളവർ അപേക്ഷകൾ നിശ്ചിത ഫോറത്തിൽ ഓൺലൈനായി thomasku@rubberboard.org.in എന്ന വിലാസത്തിൽ ഇമെയിൽ ചെയ്യണം. റിപ്പോർട്ടുകൾ ഇ-മെയിൽ ആയി നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് www.rubberboard.org.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ **0481 2353311** (എക്സ്റ്റൻഷൻ 202) എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുകയോ ചെയ്യുക.

4. വയനാട് ജില്ലയിലെ പനമരം ബ്ലോക്ക് പഞ്ചായത്ത് 2021-22 പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന സഞ്ചരിക്കുന്ന മൃഗാശുപത്രിയുടെ സേവനം നാളെ മുതൽ 25 വരെ (ഫെബ്രുവരി 21 മുതൽ 25 വരെ) കണിയാമ്പറ ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകർക്ക് ലഭ്യമായിരിക്കും. രാവിലെ 10 മുതൽ 5 വരെയാണ് സേവനം ലഭ്യമാകുക. ആവശ്യമുള്ള കർഷകർ, ക്ഷീരസംഘങ്ങൾ മുഖേന ഡ്യൂട്ടി ഡോക്ടറുമായി ബന്ധപ്പെടണമെന്ന് പള്ളിക്കുന്ന് മൃഗാശുപത്രി സീനിയർ വെറ്ററിനറി സർജൻ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് **9074520868, 9605520868** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

5. കുറ്റിച്ചൽ പഞ്ചായത്ത് നടപ്പിലാക്കുന്ന **ആട് വളർത്തൽ, കന്നുകുട്ടി പരിപാലനം, മുട്ടക്കോഴി വിതരണം, ധാതുലവണമിശ്രിതം** എന്നീ പദ്ധതികൾക്ക് ഗുണഭോക്തൃ ലിസ്റ്റിൽ പേരുള്ള ഗുണഭോക്താക്കൾ ബന്ധപ്പെട്ട രേഖകളുമായി ഈ മാസം 25-ന് (ഫെബ്രുവരി 25) മുമ്പായി കുറ്റിച്ചൽ മൃഗാശുപത്രിയിൽ അപേക്ഷ നൽകണമെന്ന് കുറ്റിച്ചൽ മൃഗാശുപത്രി വെറ്ററിനറി സർജൻ അറിയിച്ചു.

6. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ഉത്പാദിപ്പിക്കുന്ന കെപ്കോ ചിക്കനും അനുബന്ധ ഉത്പന്നങ്ങളും വിൽപ്പന നടത്തുന്നതിന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ വിൽപ്പന സാധ്യതയുള്ള സ്ഥലങ്ങളിൽ ഏജൻസികൾ അനുവദിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. താൽപ്പര്യമുള്ളവർ സ്വന്തം വിശദാംശങ്ങളും ഏജൻസി തുടങ്ങാൻ ഉദ്ദേശിക്കുന്ന സ്ഥലവും വ്യക്തമാക്കിക്കൊണ്ട് വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ ഈ മാസം 28-ന് (**ഫെബ്രുവരി 28-ന്**) മുമ്പ് **മാനേജിംഗ് ഡയറക്ടർ, സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ, പേട്ട, തിരുവനന്തപുരം**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9495000921, 9495000918** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

7. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഷീറ്റുറബ്ബർസംസ്കരണം, തരംതിരിക്കൽ എന്നിവയിൽ ഫെബ്രുവരി 21, 22 തീയതികളിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. എല്ലാ ദിവസവും രാവിലെ 10.00 മുതൽ ഉച്ചയ്ക്ക് 1.00 വരെയാണ് പരിശീലനം. **റബ്ബർപാൽസംഭരണം, ഷീറ്റുറബ്ബർനിർമ്മാണം, പുകപ്പുരകൾ, ഗ്രേഡിങ് സംബന്ധിച്ച 'ഗ്രീൻബുക്ക്' നിബന്ധനകൾ** എന്നിവയാണ് പരിശീലനവിഷയങ്ങൾ. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ **04812353201** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാം.

8. ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ ഈ മാസം 22, 23 നുമായി (ഫെബ്രുവരി 22,23) രാവിലെ 11 മണി മുതൽ **ശുദ്ധമായ പാലുത്പാദനം** എന്ന വിഷയത്തിൽ ക്ലാസ്സ്റൂം പരിശീലനം നടത്തുന്നു. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 പേർക്കായി പ്രവേശനം പരിമിതപ്പെടുത്തിയിരിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ആധാർ കാർഡ്, രണ്ട് ഡോസ് കോവിഡ് വാക്സിനേറ്റഡ് സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20 രൂപ. താൽപര്യമുള്ളവർ ഇന്ന് (ഫെബ്രുവരി 21-ന്) വൈകുന്നേരം 5 മണിക്കു മുമ്പായി **0476 2698550, 8075028868** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

9. തിരുവനന്തപുരം ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ക്ഷീരകർഷകർക്കായി ഈ മാസം 24,25 (ഫെബ്രുവരി 24,25) തീയതികളിൽ **ശുദ്ധമായ ക്ഷീരോല്പാദനം** എന്ന വിഷയത്തിൽ രണ്ട് ദിവസത്തെ ക്ലാസ്സ് റൂം പരിശീലന പരിപാടി നടത്തുന്നു. പരിശീലനത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ **0471–2440911** എന്ന ഫോൺ നമ്പറിലോ, ക്ഷീരപരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം പി.ഒ, തിരുവനന്തപുരം -695004 എന്ന വിലാസത്തിൽ നേരിട്ടോ, principaldtctvm@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.